# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3307 — 14.07.2015-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ. എസ്. രാജേന്ദ്രൻ

**ഉത്തരം**

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### റവന്യൂ കമ്മി

<table>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും അവതരിപ്പിച്ച ബഡ്ജറ്റിൽ നിർണ്ണയിക്കപ്പെട്ട റവന്യൂ കമ്മി എത്രയായിരുന്നുവെന്നും പിന്നിട്ട ഓരോ വർഷത്തെ യഥാർത്ഥ റവന്യൂ കമ്മി എത്ര തുക വീതമായിരുന്നു വെന്നും വിശദമാക്കാമോ ;</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും ബഡ്ജറ്റിൽ നിർണ്ണയിക്കപ്പെട്ട റവന്യൂ കമ്മിയുടേയും ഈ വർഷങ്ങളിലെ യഥാർത്ഥ റവന്യൂ കമ്മിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th></th><th>2011-12</th><th>2012-13</th><th>2013-14</th><th>2014-15</th><th>2015-16</th></tr>
<tr><td colspan="6">₹ കോടിയിൽ</td></tr>
<tr><td>പ്രതീക്ഷിച്ച റവന്യൂ കമ്മി</td><td>5533.91</td><td>3463.77</td><td>2269.97</td><td>7131.69</td><td>7831.92</td></tr>
<tr><td>യഥാർത്ഥ റവന്യൂ കമ്മി</td><td>8034.26</td><td>9351.44</td><td>11308.55</td><td>12916.65*</td><td>196.43#</td></tr>
</table>
* അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം<br>
# അക്കൗണ്ടന്റ് ജനറലിന്റെ മേയ് മാസം വരെയുള്ള കണക്കുകൾ പ്രകാരം</td></tr>
<tr><td>(ബി)</td><td>സർക്കാർ പാസാക്കിയ നിയമത്തിലെ വ്യവസ്ഥ യനുസരിച്ച് 2014-15 അവസാനിക്കുമ്പോൾ റവന്യൂ കമ്മി എത്രയായി കുറയണമായിരുന്നു; യഥാർത്ഥത്തിൽ എത്ര</td><td>2011 ലെ കേരള ധന സംബന്ധമായ ഉത്തര വാദിത്ത ഭേദഗതി ആക്റ്റ് പ്രകാരം 2014-15 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദന ത്തിന്റെ പൂജ്യം ശതമാനം ആകേണ്ട താണ്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക</td></tr>
</table>

| | | |
|---|---|---|
| | യായി കുറയുകയുണ്ടായി; 2015-16 അവസാനിക്കുമ്പോൾ റവന്യൂ കമ്മി എത്രയായി നിയമ വ്യവസ്ഥ പ്രകാരം കുറയേണ്ടതുണ്ട്; ഇപ്പോഴത്തെ സ്ഥിതിയിൽ റവന്യൂ കമ്മി എത്രയായി വർദ്ധിക്കും; വിശദമാക്കാമോ; | വർഷത്തെ റവന്യൂ കമ്മി സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 2.8 ശതമാനമാണ്. 2015-16 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പൂജ്യം ശതമാനം ആയിരിക്കണം. സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ കണക്കുകൾ ലഭിക്കുമ്പോൾ മാത്രമേ റവന്യൂ കമ്മി എത്രയായി വർദ്ധിക്കുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് എന്തെങ്കിലും പുതിയ ആനുകൂല്യങ്ങൾ നൽകിയതിന്റെ പേരിൽ റവന്യൂ കമ്മി കൂടുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ബഡ്ജറ്റിൽ പറയാതിരുന്ന പുതിയ ആനുകൂല്യങ്ങൾ എന്തെല്ലാമായിരുന്നു ? | പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് പുതിയ ആനുകൂല്യങ്ങൾ നൽകിയതിന്റെ പേരിൽ റവന്യൂ കമ്മി കൂടിയിട്ടില്ല. വിവിധ റവന്യൂ വരുമാന സ്രോതസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്തതാണ് റവന്യൂ കമ്മി കൂടാനുള്ള പ്രധാന കാരണം. |

അക്കൗണ്ട്സ് ഓഫീസർ